**കേരള സർക്കാർ**

നം.47021/ജെ1/14/പൊവിവ

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്
തിരുവനന്തപുരം
തീയതി: 29.5.2015.

പ്രേഷിതൻ

അഡിഷണൽചീഫ് സെക്രട്ടറി

സ്വീകർത്താവ്

പൊതുവിദ്യാഭ്യാസഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം:- പൊവിവ - 50 വയസ്സ് കഴിഞ്ഞ പ്രൈമറി അധ്യാപകരുടെ ഹെഡ് മാസ്റ്റർ പ്രൊമോഷൻ - സ്പഷ്ടീകരണം സംബന്ധിച്ച്

സൂചന:- 1. 2.6.2014 ലെ സ.ഉ(എം.എസ്) നം. 92/14/പൊവിവ
2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ നമ്പറുകൾ 1336,1080,1093 & 1673/2014 & ഒ.എ (ഇകെഎം) നമ്പറുകൾ 271&298/2014 എന്നീ കേസുകളിലെ 25.3.2015 ലെ അന്തിമവിധി.

---------

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പ്രൈമറി അധ്യാപകരുടെ ഹെഡ് മാസ്റ്റർ പ്രൊമോഷനുമായി ബന്ധപ്പെട്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലുണ്ടായിരുന്ന ഒ.എ നം.1336,1080/2014 തുടങ്ങിയ കേസുകൾ 25.3.2015 ലെ വിധിയിലൂടെ തീർപ്പാക്കുകയുണ്ടായി. പ്രസ്തുത വിധി പ്രകാരം ഹെഡ് മാസ്റ്റർ പ്രൊമോഷന് വേണ്ട യോഗ്യതകൾ ഒരു സർക്കാർ വിജ്ഞാപനത്തിലൂടെ പുറപ്പെടുവിച്ചാൽ മാത്രമേ 2011 ലെ വിദ്യാഭ്യാസഅവകാശചട്ടങ്ങളിലെ ചട്ടം 18(1) ബാധകമാവുകയുള്ളൂ അല്ലാത്തപക്ഷം പ്രൊമോഷന് കെ.ഇ.ആർ ടെസ്റ്റ് യോഗ്യത നിർബന്ധമാക്കുവാൻ സാധിക്കുകയില്ല. അത്തരത്തിൽ വിജ്ഞാപനം പുറപ്പെടുവിക്കാത്ത സാഹചര്യത്തിൽ 2.6.2014 ലെ സ.ഉ(എം.എസ്)92/14/പൊവിവ ഇല്ലെങ്കിൽ കൂടിയും 50 വയസ്സ് കഴിഞ്ഞ പി.ഡി അധ്യാപകർ ഹെഡ് മാസ്റ്റർ തസ്തികയിലേക്കുള്ള പ്രൊമോഷന് അർഹരാണ് എന്ന് സർക്കാർ മനസ്സിലാക്കുന്നു. ആയതിനാൽ 50 വയസ്സ് കഴിഞ്ഞവരുൾപ്പെടെയുള്ള പ്രൈമറി അധ്യാപകർക്ക് ഹെഡ് മാസ്റ്റർ പ്രൊമോഷൻ നൽകാൻ കെ.ഇ.ആർ ടെസ്റ്റ് പാസ്സാകണമെന്ന ആർ.റ്റി.ഇ ചട്ടം 18(1) ലെ നിബന്ധന നിലവിൽ ബാധകമാക്കേണ്ടതില്ല എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,
എം. നാസറുദീൻ
ഡെപ്യൂട്ടിസെക്രട്ടറി
അഡിഷണൽചീഫ് സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻഓഫീസർ